'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിൽ നിന്ന് മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ് മെന്റ് ഓർഗനൈസേഷനിലേക്കു മാറ്റിയ ഹെഡ് ക്ലാർക്ക് തസ്തികയും മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ് മെന്റ് ഓർഗനൈസേഷനിൽ നിന്ന് തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിലേക്കു മാറ്റിയ അക്കൗണ്ടന്റ് തസ്തികയും പൂർവസ്ഥിതിയിലേക്കു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

സ.ഉ. (സാധാ) നം. 1553/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 23.07.2019

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 07.02.2008 തിയതിയിലെ എസ്റ്റാ.സി. 3/07/സി.ആർ.ഡി. നമ്പർ കത്ത്.

2 18.03.2008-ലെ GO (Rt) No. 816/2008/LSGD നമ്പർ സർക്കാർ ഉത്തരവ്

3 ഗ്രാമവികസന കമ്മീഷണറുടെ 13.05.19 തീയതിയിലെ സി.ആർ.ഡി./2095/17/എസ്റ്റാ.സി. 3 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിനു കീഴിലുള്ള മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ് മെന്റ് ഓർഗനൈസേഷനിൽ അക്കൗണ്ടന്റായിരിക്കെ ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. കെ.എ. ജയകുമാറിന്റെ അനാരോഗ്യവും തുടർചികിത്സാ സാധ്യതകളും പരിഗണിച്ച് ടിയാനെ മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ് മെന്റ് ഓർഗനൈസേഷനിൽ നിലനിർത്തണമെന്ന് പരാമർശം ഒന്ന് പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിലെ ഹെഡ് ക്ലാർക്ക് തസ്തിക മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ് മെന്റ് ഓർഗനൈസേഷനിലേക്കും അവിടത്തെ ഹെഡ് അക്കൗണ്ടന്റ് തസ്തിക തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിലേക്കും മാറ്റി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തളിപ്പറമ്പ് വികസന പരിശീലന കേന്ദ്രത്തിൽ കിലയുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ പരിപാടികൾക്കും, വിവിധ യോഗങ്ങൾക്കും ഓഫീസ് മേൽനോട്ടത്തിലേക്കുമായി ഒരു ഹെഡ് ക്ലാർക്ക് തസ്തിക തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിൽ ആവശ്യമായ സാഹചര്യത്തിൽ മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ് മെന്റ്

൨

ഓർഗനൈസേഷനിലേക്കു മാറ്റിയ ഹെഡ് ക്ലാർക്ക് തസ്തിക തളിപ്പറമ്പ് വികസന പരിശീലന കേന്ദ്രത്തിലേക്ക് മാറ്റി പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിൽ നിന്ന് മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ്മെന്റ് ഓർഗനൈസേഷനിലേക്കു മാറ്റിയ ഹെഡ് ക്ലാർക്ക് തസ്തികയും മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ്മെന്റ് ഓർഗനൈസേഷനിൽ നിന്ന് തളിപ്പറമ്പ വികസന പരിശീലന കേന്ദ്രത്തിലേക്കു മാറ്റിയ അക്കൗണ്ടന്റ് തസ്തികയും പൂർവസ്ഥിതിയിലേക്കു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ എൽ**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
പ്രിൻസിപ്പൽ, വികസന പരിശീലന കേന്ദ്രം, തളിപ്പറമ്പ, കണ്ണൂർ.
സൂപ്രണ്ട്, ഗവൺമെന്റ് ട്രാൻസ്പോർട്ട് & എക്വിപ്മെന്റ് ഓർഗനൈസേഷൻ, മൂവാറ്റുപുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.